**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 733** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കാട്ടാന ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാട്ടാന നാട്ടിൽ ഇറങ്ങിയതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാട്ടാന നാട്ടിൽ ഇറങ്ങിയതുമായി ബന്ധപ്പെട്ട് 1244 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാട്ടാന ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർ എത്ര; പരിക്കേറ്റവർ എത്ര; അവർക്കായി ഇതിനകം സ്വീകരിച്ച സമാശ്വാസ നടപടികൾ എന്തൊക്കെ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാട്ടാനകൾ മൂലമുണ്ടായ അപകടങ്ങളിൽ 6 പേർ മരണപ്പെട്ടിട്ടുണ്ട്. മരണപ്പെട്ടവരിൽ 5 പേർക്ക് 5 ലക്ഷം രൂപ വീതം സമാശ്വാസ ധനസഹായത്തിന്റെ ആദ്യ ഗഡു നൽകിയിട്ടുണ്ട്. അനന്തരാവകാശികൾ ഹാജരാകാത്തതിനാൽ ഒരാളുടെ തുക വിതരണം ചെയ്തിട്ടില്ല. 18 പേർക്ക് പരിക്കേറ്റിട്ടുണ്ട്. പരിക്കേറ്റവർക്ക് 1,14,280/- രൂപ ധനസഹായം ഇതുവരെ നൽകിയിട്ടുണ്ട്.

**(സി)** ഈ സംഭവങ്ങളിൽ എത്ര കർഷകരുടെ വിളകളാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും എത്ര രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാട്ടാന ആക്രമണങ്ങളിൽ 310 പേരുടെ വിളകളാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളത്. നാളിതുവരെ 8,83,659/- ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.

**(ഡി)** കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**<u>മറുപടി:</u>** വന്യജീവികൾ കൃഷി നശിപ്പിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി G.O.(Rt) No.304/2025/DMD തീയതി 09.05.2025 പ്രകാരം കൃഷി നാശം സംഭവിച്ച ഓരോ വിളയ്ക്കുമുള്ള നഷ്ടപരിഹാരം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**